വസ്തു സമ്മാനങ്ങളും പ്രചോദനങ്ങളും നൽകുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥകളെ ഗവണ്മെൻറ് ശക്തിപ്പെടുത്തും. കണ്ടുപിടിത്തങ്ങൾ ഉപയോഗത്തിൽ വരുന്നതിനു പൂർണമായും അവസരം നൽകപ്പെടും.

ഗവണ്മെൻറിൻെറ നയപ്രഖ്യാപനം ധീരമായിട്ടുണ്ട്; അവസരോചിതവുമാണ്. ബ്യൂറോക്രസിയുടെ കടുക്കമസാലകളിലൂടെ കടന്നുവരുമ്പോൾ ഈ നയത്തിനു കൈവരുന്ന രൂപാന്തരം എന്തായിരിക്കുമെന്നു കാത്തിരുന്നു കാണുകതന്നെ വേണം.

(4 ജനുവരി, 1983)

## 64. എല്ലാവർക്കും തൊഴിൽ

ഞാനിതെഴുതുമ്പോൾ, മുൻവശത്തുള്ള റോഡിലൂടെ കുട്ടികളുടെ ഒടുങ്ങാത്ത ഒരു ഘോഷയാത്ര നീങ്ങിക്കൊണ്ടിരിക്കുകയാണ്. പല നിറങ്ങളിലുള്ള യൂണിഫോമുകൾ ധരിച്ച ആൺകുട്ടികളും പെൺകുട്ടികളും. പല വിദ്യാലയങ്ങളിലേക്കു പോകുന്നവർ, അവരുടെ ചിരിയും സംസാരവും റോഡിൽ പുതിയ ഉന്മേഷവും ചൈതന്യവും ആശയും നിറയ്ക്കുന്നു.

ഉന്മേഷവും ചൈതന്യവും? ശരി. പക്ഷേ, ആശ? അതിനെപ്പററി ഒന്നുകൂടി ആലോചിക്കേണ്ടിയിരിക്കുന്നു. കുറഞ്ഞാൽ മൂന്നോ, നാലോ, കൂടിയാൽ എട്ടോ പത്തോ, വർഷങ്ങൾ കഴിയുമ്പോഴേക്ക് ഈ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രായപൂർത്തി എത്തും. അതോടെ, സ്വന്തമായ സമ്പാദ്യം നൽകുന്ന ഏതെങ്കിലും തൊഴിലിൽ ഇവരെല്ലാം ഏർപ്പെടേണ്ടിവരും. വേലയെടുക്കാനുള്ള സന്നദ്ധതയോടെ തൊഴിൽരംഗത്തേക്കു കടന്നുചെല്ലുമ്പോൾ, ഈ കുട്ടികൾ അവിടെ എന്തായിരിക്കും കാണുക?

ഭൂമിയിൽ 1980–ൽ ആകെ നാനൂററി നാല്പത്തൊന്നര കോടി 441,50,00,000) മനുഷ്യരുണ്ടായിരുന്നു. ഇരുപതു വർഷങ്ങൾകൂടി കഴിഞ്ഞ്, 'നമ്മുടെ കർത്താവിൻെറ' അനുഗൃഹീതമായ 2000–ാം മാണ്ട് എത്തുമ്പോഴേക്കു ഭൂമിയിൽ അറുനൂററിരുപതു കോടി (619, 94, 00,000) മനുഷ്യരുണ്ടായിരിക്കുമെന്നാണു കരുതപ്പെടുന്നത്. അതായത്, ഇനിയുള്ള ഇരുപതോളം വർഷങ്ങളിൽ ലോകജനസംഖ്യ നൂറെറൺപതു കോടിയോളം വർദ്ധിക്കും.

ലോകജനതയിൽ മൂന്നിൽ രണ്ടു ഭാഗവും പാർക്കുന്നത് ഇന്ത്യ ഉൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളിലാണ്. ജനസംഖ്യ പൊട്ടിപ്പിളർന്നു പെരുകുന്നതും ഈ രാജ്യങ്ങളിൽത്തന്നെ. 1970–കളിൽ ഇരുപതു കോടിയോളം ജനങ്ങൾ ദരിദ്രരാജ്യങ്ങളിലെ തൊഴിൽരംഗത്തേക്കു പുതിയതായി തള്ളിക്കയറിവരികയുണ്ടായി. അടുത്ത ഇരുപത് ആണ്ടുകളിൽ അമ്പതു കോടിയിലേറെ പുതിയ തൊഴിലപേക്ഷക്കാർ ദരിദ്രരാജ്യങ്ങളിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് രജിസ്റ്ററുകളിൽ പേർ എഴുതിക്കും. രണ്ടായിരാമാണ്ടിൽ എല്ലാവർക്കും തൊഴിൽ നൽകണമെങ്കിൽ, ലോകത്തിലാകെ ഇന്നുള്ളതിൽ കവിഞ്ഞ് നൂറു കോടി പുതിയ തൊഴിലുകൾ കൂടി സൃഷ്ടിക്കപ്പെടേണ്ടിവരും. രണ്ടായിരാമാണ്ടിലേക്ക് ഇനി പതിനാറു വർഷങ്ങളേ ഉള്ളു. അതിനാൽ മൂന്നാമത്തെ ആയിരത്താണ്ട് ആരംഭിക്കുന്നത് 'എല്ലാവർക്കും തൊഴിൽ' എന്ന ലക്ഷ്യത്തിനു അടുത്തെങ്കിലും എത്തിക്കൊണ്ടു വേണമെങ്കിൽ, അതിനുള്ള പരിശ്രമങ്ങൾ ആരംഭിക്കുവാൻ ഒട്ടും വൈകിച്ചുകൂടാ.

ജനീവയിലെ അന്താരാഷ്ട്രീയ തൊഴിൽ സംഘടന (ഐ. എൽ. ഒ.) ഈ പ്രശ്നം ഗൗരവത്തോടെ പഠിക്കുകയുണ്ടായി. അവർ തയ്യാറാക്കിയ 'വേൾഡ് ലേബർ റിപ്പോർട്ട്' 1984 ജനവരിയിൽ പ്രസിദ്ധീകരിക്കുന്നതാണ്. സംഘടനയുടെ ഡയറക്ടർ ജനറൽ ഫ്രാൻസിസ് ബ്ലാൻചാർഡ് ഈ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങൾ ഒരു ലേഖനത്തിലൂടെ ഇതിനകം വെളിപ്പെടുത്തിയിട്ടുണ്ട്. ഓരോ രാജ്യവും ഒററപ്പെട്ട പരിശ്രമങ്ങൾ നടത്തുന്നതുകൊണ്ടു തൊഴിലില്ലായ്മയെന്ന പ്രശ്നം ഒരു രാജ്യത്തിലും പരിഹരിക്കുക അസാദ്ധ്യമാണെന്ന് ഈ ലേഖനത്തിൽ ബ്ലാൻ ചാർഡ് സമർത്ഥിക്കുന്നു. സമ്പന്ന—ദരിദ്ര—രാജ്യങ്ങൾ സഹകരിച്ചു ലോകവ്യാപകമായി നടത്തുന്ന ഒരു മഹാപരിശ്രമത്തിലൂടെ മാത്രമേ 'എല്ലാവർക്കും തൊഴിൽ' എന്ന ലക്ഷ്യം നേടാൻ ആവൂ. ബ്ളാൻചാർഡ് പറയുന്നു:

'ലോകം ഇന്ന് അത്യന്തം പരസ്പരാശ്രിതമാണ്. ദരിദ്രരായ അയൽക്കാരുടെ കഷ്ടപ്പാടുകളെ അവഗണിച്ചുകൊണ്ടു് ഒററപ്പെട്ട സമ്പൽസമൃദ്ധിയോടെ വാഴാൻ ഒരു രാജ്യത്തിനും, രാജ്യങ്ങളുടെ ഒരു സംഘത്തിനും, ഇന്നു സാദ്ധ്യമല്ല. കഴിഞ്ഞകാലത്തു തൊഴിലില്ലായ്മ പരിഹരിക്കാൻ അംഗീകരിച്ച തന്ത്രങ്ങൾ ഒന്നും ഇന്നത്തെ പ്രതിസന്ധിക്കു പരിഹാരമല്ല. മനുഷ്യവർഗത്തിനു മുഴുവൻ തൊഴിൽ മാത്രമല്ല, ജീവിതത്തിനു് ഒരു ലക്ഷ്യംകൂടി നൽകുന്ന ഫലപ്രദവും ക്രിയോന്മുഖവുമായ, ഒരു പദ്ധതി രൂപവല്ക്കരിക്കുകയാണ് ഇന്നു നമ്മുടെ കർത്തവ്യം. ദരിദ്രരും ധനികരും തമ്മിലുള്ള സർവങ്കഷമായ ഒരു ഏററുമുട്ടൽ എന്ന വിപത്തു് ഒഴിവാക്കാനുള്ള ഒരേ ഒരു മാർഗം ധനിക—ദരിദ്ര—രാജ്യങ്ങളുടെയെല്ലാം വിഭവസമ്പത്തു സമാഹരിക്കുകയാണെന്നത്രേ എൻെറ വിശ്വാസം.'

'രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോക തൊഴിൽരംഗത്തു് വിപ്ലവകരങ്ങളായ മാററങ്ങൾ സംഭവിക്കുകയുണ്ടായി. മനുഷ്യൻ ചെയ്തുവരുന്ന മിക്ക ജോലികളും റോബോട്ട് യന്ത്രങ്ങളെക്കൊണ്ടു ചെയ്യിക്കാമെന്നുവന്നു. കമ്പ്യൂട്ടറുകൾ വികസിച്ചതോടെ യന്ത്രങ്ങൾക്കു ബുദ്ധി നൽകാനും കഴിഞ്ഞു. പല യന്ത്രങ്ങളും സ്വയം നിയന്ത്രിതങ്ങളായിത്തീർന്നു. 'ഹൈ ടെക്നോളജി' വ്യവസായവത്കൃതരാജ്യങ്ങളിലെ തൊഴിൽരംഗത്തെ കണ്ടാലറിയാത്തവിധം മാററിത്തീർത്തു.

അടുത്തകാലത്തു് അഭൂതപൂർവ്വമായ ഒരു സമൃദ്ധിയുഗത്തിലൂടെ മനുഷ്യവർഗം കടന്നുവരികയായിരുന്നു. ഇക്കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾക്കിടയിൽ മനുഷ്യവർഗത്തിൻെറയാകെ പ്രതിശീർഷവരുമാനത്തിൽ അറുപത്തഞ്ചു ശതമാനം വർദ്ധനവുണ്ടായി. ഈ 'സ്വർണയുഗം' ഇനിയും നീണ്ടുനില്ക്കുമോ എന്ന കാര്യം സംശയമാണ്. സാമ്പത്തികമാന്ദ്യം സമ്പന്നരാജ്യങ്ങളെ ആഴത്തിൽ ബാധിച്ചിരിക്കുന്നു. ദരിദ്രരാജ്യങ്ങളുടെ സ്ഥിതിയാകട്ടെ പറയുകയുംവേണ്ട. പെരുകിവരുന്ന ജനത്തിനു മുഴുവൻ തൊഴിൽ നൽകുവാനുള്ള സാദ്ധ്യത ഇന്നു മിക്ക രാജ്യങ്ങളിലുമില്ല.

സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ലോകരാഷ്ട്രങ്ങളെ ധനികങ്ങളെന്നും ദരിദ്രങ്ങളെന്നും വിഭജിക്കാം. ധനികരാഷ്ട്രങ്ങളെത്തന്നെ മുതലാളിത്തരാഷ്ട്രങ്ങളെന്നും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളെന്നും പിന്നെയും രണ്ടായി തിരിക്കാം. ഈ മൂന്നു തരം രാഷ്ട്രങ്ങളിലും തൊഴിൽ പ്രശ്നത്തിൻെറ സ്വഭാവം വ്യത്യസ്തമാണ്. മൂന്നു ഗ്രൂപ്പുകൾക്കുമുണ്ടു് ഗണ്യമായ വ്യത്യാസങ്ങൾ. അതിനാൽ, രാഷ്ട്രതലത്തിലും, പ്രദേശതലത്തിലും, അന്താരാഷ്ട്രീയതലത്തിലുള്ള പ്രവർത്തനങ്ങളെ ഏകീകരിച്ചുകൊണ്ടുള്ള പ്രയത്നം തൊഴിൽരംഗത്തു് അനുപേക്ഷണീയമായിരിക്കുന്നു.

ദരിദ്രരാജ്യങ്ങളുടെ മുഖ്യപ്രശ്നം അവികസിതങ്ങളായ ഗ്രാമങ്ങളാണ്. വ്യവസായവല്ക്കരണത്തിലൂടെ ഈ രാജ്യങ്ങളിലെ ഗ്രാമീണരെ ഉദ്ധരിക്കാമെന്നു മുമ്പു കരുതപ്പെട്ടിരുന്നു. ഈ വിശ്വാസം ഇന്നു തകർന്നി

രിക്കുകയാണ്. വൻതോതിൽ വ്യവസായവളർച്ചയുണ്ടായാലും ഗ്രാമീണജനങ്ങളുടെ ദാരിദ്ര്യം നീങ്ങിക്കൊള്ളണമെന്നില്ലെന്ന് 1950—60—ലെ അനുഭവം ധനശാസ്ത്രജ്ഞരെ പഠിപ്പിച്ചു. കൃഷിവികസനത്തിനുള്ള ശാസ്ത്രീയതന്ത്രങ്ങൾ, മുമ്പു കൃഷിചെയ്തു ജീവിച്ചിരുന്ന പലരേയും തൊഴിൽരഹിതരാക്കി. തൊഴിലില്ലാതെ നാൾതോറും നഗരങ്ങളിലെ ചേരികളിൽ അടിഞ്ഞുകൂടുന്ന ജനകോടികൾക്കു വ്യവസായങ്ങളിൽ തൊഴിൽ നല്കുക സാദ്ധ്യമല്ലെന്നുവന്നു. പാപ്പരായി മാറിയ ഈ വമ്പിച്ച ജനവിഭാഗത്തിനു മിനിമം ജീവിതസൗകര്യങ്ങൾ എങ്ങനെ നൽകാമെന്നും, അവരുടെ കർമ്മശേഷി നിർമ്മാണപരമായ മാർഗങ്ങളിലേക്കു് എങ്ങനെ തിരിച്ചുവിടാമെന്നതുമാണു ദരിദ്രരാജ്യങ്ങളുടെ മുമ്പിൽ ഇന്നുള്ള മുഖ്യ പ്രശ്നം. സമ്പന്നരാജ്യങ്ങളിൽനിന്നു ഗണ്യമായ തോതിൽ സാമ്പത്തിക—സാങ്കേതിക—സഹായം ലഭിക്കാതെ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ ദരിദ്രരാജ്യങ്ങൾക്കു സാദ്ധ്യമല്ല.

കൃഷിക്കും സംഘടിതവ്യവസായങ്ങൾക്കുമിടയിൽ ഒരു 'അനൗപചാരികമേഖല' (ഇൻഫോർമൽ സെക്ടർ) ദരിദ്രരാജ്യങ്ങളിൽ വളർന്നുവന്നിട്ടുണ്ടെന്നു് ബ്ളാൻചാർഡ് ചൂണ്ടിക്കാണിക്കുന്നു. ഒന്നോ, രണ്ടോ ആളുകൾ വേലയെടുക്കുന്ന 'ബാക്ക് റൂം ഫാക്ടറികൾ' അടങ്ങിയതാണ് ഈ മേഖല. നഗരങ്ങളിലെ ചേരിപ്രദേശങ്ങളിലുള്ള ഇന്നത്തെ കൊച്ചുവ്യവസായങ്ങൾ ദരിദ്രരാജ്യങ്ങളിൽ കോടിക്കണക്കിനു ജനങ്ങൾക്കു ജോലിയും ഭക്ഷണവും നൽകിവരുന്നുണ്ട്. തങ്ങളുടെ സുന്ദരങ്ങളായ നഗരങ്ങളെ വിരൂപപ്പെടുത്തുന്ന കളങ്കങ്ങളായാണു ദരിദ്രരാജ്യങ്ങളിലെ പല സർക്കാരുകളും ഇത്തരം ഫാക്ടറികളെക്കാണിക്കുന്നതു്. എന്നാൽ, ദരിദ്രരാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ ഈ ചെറുഫാക്ടറികൾക്കുള്ള പ്രമുഖമായ സ്ഥാനം ഇന്നു ധനശാസ്ത്രജ്ഞന്മാർ അംഗീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഭാവിയിൽ ദരിദ്രരാജ്യങ്ങളുടെ സാമ്പത്തികവികസനത്തിനുള്ള എല്ലാ പദ്ധതികളിലും ഈ അനൗപചാരികമേഖലയുടെ വികസനത്തിനു കൂടുതൽ പ്രാധാന്യം നൽകണമെന്നു് ബ്ളാൻചാർഡ് അഭിപ്രായപ്പെടുന്നു. വൻവ്യവസായങ്ങളോടൊപ്പം പ്രാധാന്യം ദരിദ്രരാജ്യങ്ങളിൽ ഇത്തരം 'കുടിൽവ്യവസായങ്ങൾ'ക്കും നൽകപ്പെടണമെന്നർത്ഥം.

ഗാന്ധിജിയുടെ ഋഷിതുല്യമായ ദീർഘദർശനത്തിനു നാം നന്ദി പറയുക. പാശ്ചാത്യസാമ്പത്തികവിദഗ്ദ്ധന്മാർ അവികസിതരാജ്യങ്ങളിലെ മനുഷ്യവർഗത്തിന്റെ ദാരിദ്ര്യത്തിൽനിന്നുള്ള മോചനം കാണുന്നതു് കുടിൽവ്യവസായങ്ങളിലാണെന്നു വന്നിരിക്കുന്നു. മാറിയ പരിതഃസ്ഥിതിയനുസരിച്ചു് ഈ കുടിൽവ്യവസായങ്ങളുടെ ഉല്പാദനരീതിയിലും സംഘടനാരീതിയിലും വ്യത്യാസമുണ്ടാകാമെങ്കിലും, ഗാന്ധിജി ഊന്നിപ്പറയാറുള്ള 'വികേന്ദ്രീകരണം'തന്നെയാണ് അവയുടെ അടിസ്ഥാനതത്ത്വം. ദരിദ്രരാജ്യങ്ങളിൽ, അവ പുലർത്തുന്നതു് മുതലാളിത്തവ്യവസ്ഥിതിയായാലും കമ്യൂണിസ്റ്റ് വ്യവസ്ഥിതിയായാലും, കുടിൽവ്യവസായങ്ങളുടെ 'അനൗപചാരികമേഖല' ഇനിയുമെത്രയോ വർഷങ്ങളോളം നിലനില്ക്കുകതന്നെചെയ്യും.

ദരിദ്രരാജ്യങ്ങൾക്കെന്നപോലെ വ്യവസായവത്കൃതങ്ങളായ സമ്പന്നരാജ്യങ്ങൾക്കുമുണ്ട് അവയുടേതായ തൊഴിൽപ്രശ്നങ്ങൾ. റോബോട്ടുകൾ (യന്ത്രമനുഷ്യർ) മനുഷ്യരുടെ സ്ഥാനം ഏറ്റെടുക്കുന്നതുമൂലം സമ്പന്നമുതലാളിത്തരാജ്യങ്ങളിൽ തൊഴിലില്ലാത്തവരുടെ എണ്ണം ഇനിയങ്ങോട്ടു തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കും. സാമൂഹ്യ സുരക്ഷാപദ്ധതികളിലൂടെയും മറ്റും രാഷ്ട്രത്തിന്റെ മൊത്തം സമ്പത്തു് വിഭജിക്കുന്നതുവഴി കഠിനമായ ദാരിദ്ര്യം ഒഴിവാക്കാൻ കഴിഞ്ഞാലും, മറ്റു പ്രശ്നങ്ങൾ സമ്പന്നരാജ്യങ്ങളിൽ രൂക്ഷത പ്രാപിക്കാതിരിക്കയില്ല. ഈ പ്രശ്ന

ങ്ങളെ 1930–ൽ പ്രസിദ്ധ ബ്രിട്ടീഷ് ധനശാസ്ത്രജ്ഞനായ കെയ്ൻസ് ഇങ്ങനെ നിർവചിക്കുകയുണ്ടായി:

'ലോകസൃഷ്ടിക്കുശേഷം ആദ്യമായി മനുഷ്യൻ തൻെറ യഥാർത്ഥവും ശാശ്വതവുമായ പ്രശ്നത്തെ അഭിമുഖീകരിക്കും. സാമ്പത്തികപ്രയത്ന ങ്ങളുടെ സമ്മർദത്തിൽനിന്നു നേടിയ സ്വാതന്ത്ര്യത്തെ താൻ എങ്ങനെ ഉപയോഗപ്പെടുത്തണം? ഭയംകൂടാതെ വിശ്രമത്തിൻെറയും സമൃദ്ധിയുടെ യും യുഗത്തെ പ്രതീക്ഷിക്കാൻ ഒരു രാജ്യത്തിനും, ഒരു ജനതയ്ക്കും, സാദ്ധ്യ മല്ല. തൻെറ പ്രതിഭയ്ക്ക് അനുസൃതമായി എന്തെങ്കിലും ചെയ്യാനില്ലാ തെ സാധാരണമനുഷ്യനു സംഭ്രാന്തി ഉളവാക്കുന്ന ഒരു പ്രശ്നംതന്നെ യാണിതു്; താൻ പിറന്ന മണ്ണിലോ, വളർന്ന മാമൂലുകളിലോ, ഒരു പാരമ്പര്യസമൂഹത്തിൻെറ പ്രിയവിശ്വാസങ്ങളിലോ, വേരുകളില്ലാത്ത മനുഷ്യനാണ് അവൻ എങ്കിൽ പ്രത്യേകിച്ചും.'

ചുരുക്കത്തിൽ, സാംസ്കാരികമെന്നോ, ആദ്ധ്യാത്മികമെന്നോ പറ യാവുന്ന ചില ജീവിതലക്ഷ്യങ്ങൾ ഇല്ലെങ്കിൽ സമ്പന്നസമൂഹങ്ങളിൽ സാധാരണക്കാരൻെറ ജീവിതം ഇനിയങ്ങോട്ട് കൂടുതൽ കൂടുതൽ നൈരാ ശ്യപൂർണമായിരിക്കും. പക്ഷേ, ഐ. എൽ. ഒ. റിപ്പോർട്ട് ഈ പ്രശ്ന ത്തിലേക്കു കടക്കുന്നില്ല. സമ്പത്തു വർദ്ധിക്കുന്നതനുസരിച്ച ജോലിസമ യം കുറച്ചും, മററും, എല്ലാവർക്കും എന്തെങ്കിലും തൊഴിൽ കണ്ടെത്താനാ കുമെന്ന വിശ്വാസമാണ് റിപ്പോർട്ട് പ്രതീക്ഷിക്കുന്നതു്.

ധനികവിഭാഗത്തിൽപ്പെടുന്ന കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ പ്രശ്നം മററു ചിലതാണ്: ഉല്പാദനക്ഷമതയില്ലായ്മയും, പണിയെടുക്കാൻ വേണ്ടത്ര ആളുകളില്ലായ്മയും. പുതിയ സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തിയും, സ്വയംപ്രവർത്തകയന്ത്രങ്ങൾ (ആട്ടോമേഷൻ) സ്ഥാപിച്ചും ഈ പ്രദേശങ്ങളെ ഒരളവോളം അവക്കു നേരിടാൻ കഴിയും. അതേസമയം ഉള്ള വിഭവങ്ങൾ അങ്ങേയററം വിവേകത്തോടെ ഉപയോ ഗപ്പെടുത്തുകയും വേണം. ഇന്നത്തെ കമ്യൂണിസ്റ്റ് പ്ലാനിങ്ങിൻെറ സമ്പ്ര ദായത്തിൽ അടിമുടി മാററം വരുത്തിയാലേ ഇതെല്ലാം സാദ്ധ്യമാവൂ എന്ന് ബ്ലാൻചാർഡ് കരുതുന്നു. വൻതോതിൽ മൂലധനനിക്ഷേപവും രാജ്യങ്ങളിൽ ആവശ്യമാണ്. കിഴക്കേ യൂറോപ്പിലെ (കമ്യൂണിസ്റ്റ്) രാജ്യങ്ങൾ ഒരു വഴിത്തിരിവിലെത്തി നിൽക്കുകയാണ്. അടുത്ത ഏതാ നും വർഷങ്ങളിൽ അവ കൈക്കൊള്ളുന്ന തീരുമാനങ്ങളെ ആശ്രയിച്ചി രിക്കും ഇനിയങ്ങോട്ടുള്ള ദശാബ്ദങ്ങളിൽ അവയുടെ സാമ്പത്തികാഭി വൃദ്ധി എന്ന് ബ്ലാൻചാർഡ് പറയുന്നു.

മറുനാടുകളിൽ പോയി വേലയെടുക്കുന്നവരുടെ പ്രശ്നത്തിലേക്ക് ഐ. എൽ. ഒ. റിപ്പോർട്ട് ധാരാളം വെളിച്ചം ചൊരിയുന്നുണ്ട്. ഇത്ത രം 'കുടിയേററത്തൊഴിലാളികൾ' (മൈഗ്രൻറ് ലേബർ) ഇന്നു രണ്ടു കോടി ഇരുപതു ലക്ഷത്തോളമുണ്ട്. ഓസ്ട്രേലിയായിലെ ജനസംഖ്യ യുടെ ഇരട്ടിയോളം! ഇവരുടെ എണ്ണം ഇനിയും വർദ്ധിക്കുകയേയുള്ളൂ. ചെന്നു പാർത്തു് വേലചെയ്യുന്ന രാജ്യങ്ങളിലെ നിവാസികൾക്ക് ഇവ രെ ഇഷ്ടമല്ല. ഇവർക്ക് ആ രാജ്യങ്ങളിൽ യാതൊരു സുരക്ഷിതത്വ ബോധവുമില്ല. ഉദാഹരണത്തിനു നമ്മുടെ ഗൾഫ് ജോലിക്കാരെ എടു ത്താൽ മതി. കുടിയേററക്കാരും അവർ കുടിയേറിയ രാജ്യങ്ങളിലെ ഭരണാധികൃതരും തമ്മിൽ ചർച്ചകൾ നടത്തി, ഇവരെയെല്ലാം അതാതു രാജ്യങ്ങളിലെ പൗരരായി സ്വീകരിക്കുക മാത്രമാണു ശാശ്വതമായ പരി ഹാരം. ഈ ലക്ഷ്യം മുൻനിർത്തി ചില പ്രയത്നങ്ങൾ ഇപ്പോൾത്തന്നെ ഐ. എൽ. ഒ. ചെയ്തുവരുന്നതായി ബ്ളാൻചാർഡ് പ്രസ്താവിക്കു ന്നുണ്ട്.

ഏതായാലും, അടുത്ത ജനവരിമാസത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ

ഐ. എൽ. ഒ. വിന്റെ 'വേൾഡ് ലേബർ റിപ്പോർട്ട്'' ലോകശ്രദ്ധ ആകർഷിക്കാതിരിക്കുകയില്ല. നമ്മെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ, വളരെയധികം പ്രാധാന്യമുള്ള ഒരു രേഖയായിരിക്കും അത്. ആണ്ടിൽ അരക്കോടിയിലേറെയെന്ന തോതിൽ പെരുകിവരുന്ന ജനസംഖ്യയേയുംവച്ച്, ഇന്ത്യ എവിടെ പോകാനാണ്? എല്ലാവർക്കും തൊഴിൽ എന്ന ലക്ഷ്യം നാം എങ്ങനെ, എന്ന്, നേടാനാണ്? അതേസമയം ആ ലക്ഷ്യം നേടാതെ നമുക്ക് രക്ഷയെവിടെ?

എന്റെ മുൻവശത്തുള്ള റോഡിൽ ഇപ്പോൾ കുട്ടികളില്ല. അവരെല്ലാം ക്ലാസുകളിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. വൈകുന്നേരം അവർ വീണ്ടും ക്ലാസുകൾ വിട്ട് റോഡിലെത്തും. കുറഞ്ഞാൽ മൂന്നോ, നാലോ കൂടിയാൽ എട്ടോ, പത്തോ, വർഷങ്ങൾ കഴിയുമ്പോഴേക്ക് അവർക്ക് പോകാൻ ക്ലാസുകൾ കാണുകയില്ല. ഇപ്പോൾത്തന്നെ തിരക്കു മുററിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽച്ചെന്ന് അവർ പേർ രജിസ്റ്റർചെയ്യും. പിന്നെ? അവരുടെ കൈകൾക്കു ജോലിയും ശരീരത്തിനു ഭക്ഷണവും കുടുംബാംഗങ്ങൾക്കു സുരക്ഷിതത്ത്വവും ഹൃദയങ്ങൾക്ക് ആശയും നൽകാൻ നമുക്കു സാധിക്കുമോ? അതിനുള്ള വല്ല ശ്രമവും ഇപ്പോൾ, ഇവിടെ, നടക്കുന്നുണ്ടോ? മന്ത്രിമാരേ, എം. എൽ. എ. മാരേ, പാർട്ടിപ്രവർത്തകരേ, നിങ്ങൾ ഇതിനെപ്പററിയൊക്കെ ചിന്തിക്കുന്നുണ്ടോ?

(6 ഡിസംബർ, 1983)

## 65. റോഡ് അപകടങ്ങൾ

റോഡ് അപകടങ്ങൾ നിമിത്തം ഇന്ത്യയിൽ ഓരോ മണിക്കൂറിലും മൂന്ന് ആളുകളിലേറെ മരിക്കുന്നുണ്ടത്രേ. തലസ്ഥാനനഗരമായ ഡൽഹിയിൽ ദിവസന്തോറും മൂന്ന് ആളുകളെങ്കിലും റോഡ് അപകടങ്ങളിൽപ്പെട്ടു ജീവൻ വെടിയുന്നു. കോളറ, ക്ഷയം, കാൻസർ മുതലായ ഏതെങ്കിലുമൊരു രോഗംകൊണ്ടോ, ഭൂകമ്പം, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾകൊണ്ടോ സംഭവിക്കുന്നതിനെക്കാളേറെ മരണങ്ങൾ ഇന്ത്യയിൽ റോഡപകടങ്ങൾമൂലം ഉണ്ടാകുന്നു. തീവണ്ടിയപകടങ്ങളെക്കാൾ എത്രയോ കൂടുതലാണ് റോഡ് അപകടങ്ങൾ. ഈയാണ്ടിൽ ആദ്യത്തെ നാലു ത്താറു ദിവസങ്ങളിൽ ഇന്ത്യയിലുണ്ടായ തീവണ്ടിയപകടങ്ങളിൽ 46 പേർ മരിച്ചപ്പോൾ റോഡപകടങ്ങളിൽ 125 പേർ മരിക്കുകയുണ്ടായി.

റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിനുള്ള ഉപായങ്ങളെക്കുറിച്ചു പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിററിയെ കേന്ദ്ര കപ്പൽ–ഗതാഗത–മന്ത്രാലയം ഏതാനും നാളുകൾമുമ്പു നിയമിച്ചിരുന്നു. കേന്ദ്ര കപ്പൽ–ഗതാഗത–മന്ത്രാലയത്തിൽ ജോയിൻറ് സെക്രട്ടറിയായ ശ്രീ ഗോവിന്ദ ജി മിശ്ര അദ്ധ്യക്ഷനായുള്ള ഈ കമ്മിററിയുടെ റിപ്പോർട്ട് ഇപ്പോൾ കേന്ദ്രഗവൺമെൻറിന്റെ പരിഗണനയിലാണ്.

കൂടുതൽ വാഹനങ്ങൾ റോഡുകളിൽ ഇറങ്ങുന്നതുകൊണ്ടാണോ റോഡപകടങ്ങൾ കൂടുതലാവുന്നത്? അതുകൊണ്ടുകൂടിയാണ് എന്നു പറയാമെന്നേയുള്ളു. കൂടുതൽ വാഹനങ്ങൾ റോഡുകളിലൂടെ നീങ്ങുമ്പോഴും, മററു ചില ഘടകങ്ങൾ ഉണ്ടെങ്കിൽ, റോഡപകടങ്ങൾ കുറവായിരിക്കാം. ഇന്ത്യയിൽ 1979–ലെ റോഡപകടങ്ങളുടെ നിരക്ക് 10,000 വാഹനങ്ങൾക്ക് 346 മരണങ്ങൾ എന്നതായിരുന്നു. അതേ ആണ്ടിൽ 10,000 വാഹനങ്ങൾക്കു മററു ചില രാജ്യങ്ങളിലെ റോഡപകട–മരണ–നിരക്കു